# ഗവൺമെന്റ്ട്രൈബൽഹയർസെക്കണ്ടറിസ്കൂൾ

## എടത്തന



ഒപ്റ്റിമ

DIGITAL MAGAZINE

# ഡിജിറ്റൽ മാഗസീൻ 2023-24

## ഗവൺമെന്റ് ട്രൈബൽ ഹയർസെക്കണ്ടറി സ്ക്കൂൾ എടത്തന

| | |
|---|---|
| ചീഫ് എഡിറ്റർ | : എം കെ ഷാജു |
| സ്റ്റാഫ് എഡിറ്റർ | : സിനി കെ കെ |
| സ്റ്റുഡൻ്റ് എഡിറ്റർ | : അലോണ ജയേഷ് |
| പത്രാധിപ സമിതി | : സരിത സി ജി |
| | :ജിൻസി കുര്യൻ |
| കവർ പേജ് | : സന്ദീപ് എം എ |

# ആശംസ

ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളുടെ ഭാഗമായി അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ, **ഒപ്റ്റിമ** സാങ്കേതിക വിദ്യയുടെ സഹായത്തോടെ മികച്ച രീതിയിൽ ഒരുക്കിയിരിക്കുന്നു. മാഗസിൻ നിർമ്മാണത്തിൽ നേടിയ അറിവുകൾ നന്നായി പ്രയോജനപ്പെടുത്താൻ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്. ഡിജിറ്റലായും അല്ലാതെയുമുള്ള എഴുത്തും വായനയും പ്രോത്സാഹിപ്പിക്കാൻ ഈ മാഗസിന് കഴിയട്ടെ. ഇതിനുവേണ്ടി യത്നിച്ച എല്ലാർക്കും ഹൃദ്യമായ അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.



.............................................. ഷാജു എം.കെ, പ്രഥമാധ്യാപകൻ

# ആശംസ

കുട്ടികളിലെ സർഗ്ഗാത്മകത ഇന്ന് ഏറ്റവും അധികം ചേർന്നു പേകുന്നത് സങ്കേതിക വിദ്യയോടോപ്പമ്ണ് ക്ലാസ്സ് മുറികളിലും  ഗൃഹാന്തരീക്ഷത്തിലും അവരുടെ ഭാവന ചിറകടിച്ചുയരുന്നതിൽ സാങ്കേതിക വിദ്യയുടെ പങ്ക് അനുപമമാണ്. ആ പങ്കാളിത്തത്തിന്റെ മാറ്റ്  കുറയാൻ സാധ്യതയില്ല . ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്യത്തിൽ ഇ–മാഗസിൻ സാധ്യമാകുമ്പോൾ IT യുടെ അനന്തസാധ്യതകൾ മിഴി തുറക്കുകയാണ് നാളെയുടെ സ്വപ്നങ്ങളിലേക്ക് കേവലം സർഗ്ഗസൃഷ്ടികൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കിയ മാഗസീൻ എന്നതിലപ്പുറം കുട്ടികളിലെ സർഗ്ഗാത്മകതയും അറിവും "OPTIMA" എന്ന മാഗസീൻ കാണാനാവും . ഈ നവസൃഷ്ടിയിൽ പങ്കാളികളായ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഹൃദയംഗമായ ആശംസകൾ



സരിത സി ജി
സീനിയർ അസിസ്റ്റൻ്റ്
HST മലയാളം

# ഉള്ളടക്കം


പൂവിന്റെ നൊമ്പരം....................06
അനകൃതയുടെ കഥ....................07
തൈച്ചെടി ....................08
അഹങ്കാരത്തിന്റെ ഫലം....................09
തുമ്പപ്പൂ....................10
സ്നേഹത്തിന്റെ പ്രകാശം....................11
പൂക്കൾ....................12
നന്മമരം....................13
കരയുന്ന തെങ്ങുകൾ....................14
മാനും ആമയും....................15
ചിറകൊടിഞ്ഞ പക്ഷി....................16
മീനൂട്ടിയുടെ ആഗ്രഹം....................17
അച്ഛൻ വരുന്നുണ്ട്....................18
കുഞ്ഞുണ്ണി മാഷ്- കവിത....................19
അമ്പിളിമാമൻ.................... 20
സമർത്ഥനായ കാക്ക ....................21
പ്രാവും ഉറുമ്പും....................22
പൂവ്....................23
മഴ....................24

# പൂവിന്റെ നൊമ്പരം



ഓർമ്മകൾ പെറ്റിട്ട
കവിതകൾക്കെല്ലാം
നെഞ്ചിടിപ്പിന്റെ താളം
കാലം വരച്ചിട്ട നോവിൻ
മുറിപ്പാടുകൾക്കെല്ലാം
വെന്തമണ്ണിൻ മേരറ്റദാഹം
താനെ നെട്ടറ്റപൂവിൽ
തീരാനൊമ്പരം പോലെ
നിദ്രവറ്റി വേനലാം കണ്ണിൽ
ഒടുക്കം പിടഞ്ഞിതായെന്റെ
മഷിത്തിന്റെ ദാഹം

-ലാവണ്യ ഇ. എസ്
class 8

# അനകൃതയുടെ കഥ

ഒരിക്കൽ ഒരിടത്ത് അനകൃത എന്ന് പേരുള്ള ഒരു പെൺകുട്ടി ഉണ്ടായിരുന്നു. അവളുടെ വീട്ടിൽ അച്ഛൻ,അമ്മ, ചേട്ടൻ,അനിയൻ എന്നവരുണ്ടായിരുന്നു. അനകൃത വളരെ സുന്ദരിയായ ഒരു കുട്ടിയായിരുന്നു. അവൾക്ക് 15 വയസ്സായിരുന്നു. അവളുടെ വീട്ടിൽ വളരെ കഷ്ടപ്പാടായിരുന്നു.അങ്ങനെ ഒരു ദിവസം അവളുടെ വീട്ടിലെ അവസ്ഥ ഓർത്ത് അവൾക്ക് സങ്കടം വന്നു. അതിൽ അവൾക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ലായിരുന്നു. അവളുടെ ചേട്ടനും അനിയനും ദൂരെ ഒരു സ്ഥലത്താണ് പഠിക്കുന്നത് പെട്ടന്ന് ഒരു ദിവസം അവളുടെ അച്ഛന് സുഖമില്ലാതായി. അനകൃതയുടെ അച്ഛൻ ആശുപത്രിയിൽ അഡ്മിറ്റായി.അവളുടെ അമ്മയ്ക്ക അതിൽ ഒന്നും ചെയ്യാൻ കഴിയുന്നില്ലായിരുന്നു. അവൾ അങ്ങനെ ജോലി അന്വേഷിച്ച് പോയി അവൾക്ക് ഒരു കടയിലായിരുന്നു ജോലി കിട്ടിയത് അവിടെ അവൾക്ക് ജോലി കൊടുത്തയാൾ അവളെ വളരെ കഷ്ടപ്പെടുത്തി. അവൾ അതെല്ലാം ചെയ്തു. അവളുടെ അച്ഛനുവേണ്ടിയായതുകൊണ്ട് അവൾക്ക് അതിൽ പ്രശ്നം ഉണ്ടായിരുന്നില്ല.രണ്ടു മൂന്നു ദിവസത്തിനു ശേഷം അവിടെ നിന്നു കിട്ടിയ പണം അവൾ അമ്മയ്ക്കുകൊടുത്തു. അമ്മ ചോദിച്ചു ഈ പണം എവിടെന്നാണ് കിട്ടിയതെന്ന് അതിന് അവൾ  മറുപടിയായി ഒന്നും പറഞ്ഞില്ല.അങ്ങനെ അവളുടെ അച്ഛന്റെ അസുഖങ്ങൾ എല്ലാം മാറി അവൾ തിരിച്ചു വീട്ടിലേക്ക് വന്നു. അപ്പോഴാണ് അവളെ ചേട്ടൻ വിളിച്ചത്. സ്കൂൾ ഫിസ് കൊടുക്കണം എന്നു പറഞ്ഞു. അത് അവൾ അമ്മയോട് പറഞ്ഞില്ല. അതിനുപകരം അവൾ സ്വയം ജോലിക്കുപോയി. പണം അയച്ചുകൊടുത്തു. ഇതൊന്നും അവളുടെ അച്ഛനും അമ്മയും അറിയുന്നില്ലായിരുന്നു. അങ്ങനെ ഒരു ദിവസം അവളുടെ അമ്മയ്ക്ക് ദൂരെ ഒരു സ്ഥലത്ത് ജോലി കിട്ടി അനകൃതയുടെ അമ്മ ജോലിക്കുപോയി. അങ്ങനെ വീട്ടിലെ കഷ്ടപ്പാടുകൾ  എല്ലാം മാറി. അനകൃതയ്ക്ക്  ഇപ്പൊൾ 17 വയസ്സായിരുക്കുന്നു. അവൾ നന്നായി പഠിക്കുന്ന കുട്ടിയാണ് .അവളുടെ അമ്മ അവളെ വളരെ കഷ്ടപ്പെടുത്തിയിരുന്നു. അനകൃതയുടെ ചേട്ടൻ ആനന്ദും അനിയനായ അനന്ദുവും കുറച്ചു ദിവസത്തെ ലീവിനു വീട്ടിൽ  വന്നതാണ്. അനിയത്തിയെ കണ്ടപ്പോൾ ആനന്ദിന് വളരെ സങ്കടമായി അവൾ അവളുടെ എല്ലാ കാര്യങ്ങളും ചേട്ടനുമായി പങ്കുവയ്ക്കുമായിരുന്നു. ആനന്ദിന് സങ്കടം കാരണം അവൻ അമ്മയോട് എല്ലാകാര്യങ്ങളും പറഞ്ഞു. അവൾ ജോലിക്കുപോയതുകൊണ്ടാണ് അച്ഛൻ ഇന്ന് ജീവനോടെ ഇരിക്കുന്നതും ഞങ്ങൾ രണ്ടുപേർക്കും പഠിക്കാൻ പണം അയച്ചു തന്നതും ഇതെല്ലാം കേട്ട് അനകൃതയുടെ അമ്മയ്ക്ക് സങ്കടം വന്നു . അനകൃതയെ കെട്ടിപിടിച്ച് അവളുടെ അമ്മ കരഞ്ഞു എല്ലാം ഭംഗിയായി അവർ സന്തോഷത്തോടെ ജീവിച്ചു.

–സന. എസ്

class 8

# തൈച്ചെടി



ഇന്നീ ലോകർക്കു വിശ്രാന്തിതന്നോ-

യെൻ ചെറു തൈച്ചടി

വെറുമൊരു ചെറു തളിരിൽ നിന്നാ-

ണെൻ മനസ്സിൻ ചെറു തൈ

മനുഷ്യർ തൻ ക്രൂരതായാം

മുഖങ്ങൾ തങ്ങിസഹിപ്പൂ

എൻ ചെറു തൈച്ചെടി

തങ്ങി നിൽപ്പൂ സൂര്യൻ തൻ ചെറു

പ്രഹരങ്ങൾയെൻ ചെറു തൈച്ചെടി

എൻ ചെറു തൈച്ചെടിതൻ കണ്ണീരൊപ്പി

ഈ ആകാശത്തുവൽ മേഘങ്ങൾ

സ്നേഹിപ്പൂ പുൽച്ചെടിയെ

സ്നേഹിപ്പൂ പുൽച്ചെടിയെ

-കീർത്തന ഷാജി

class 9

# അഹങ്കാരത്തിന്റെ ഫലം

ഭംഗിയേറിയ വളരെ മനോഹരമായ ഒരു രാജ്യത്ത് അതിസുന്ദരിയായ ഒരു റാണിയും ആ രാജ്യത്തെ നയിച്ചിരുന്ന അതി ശക്തനായ ഒരു രാജാവും ജീവിച്ചിരുന്നു. ആ റാണിക്ക് അതി പ്രഭലരായ രണ്ടു പുത്രൻമ്മാരുണ്ടായിരുന്നു. ഒരു പുത്രന്റെ പേര് കണ്ണൻ രാജാവ് എന്നും. മറ്റൊരി രാജാവിന്റെ പേര് മനു രാജാവ് എന്നും ആയിരിന്നു.രണ്ടുപേരുടെയും സ്വഭാവം വ്യത്യസ്ത രീതിയിലായിരുന്നു.കണ്ണൻ രാജാവ് ഭയങ്കര അഹങ്കാരിയായിരുന്നു. കണ്ണൻ രാജാവിനെയൊർത്ത് രാജാവും റാണിയും വളരെ വിഷമിച്ചിരുന്നു. രാജാവിന്റെ സൈന്യം വളരെ ശക്തരായിരുന്നു. രാജാവ് തന്റെ പുത്രൻമാരെ എല്ലാ യുദ്ധ മുറകളും പഠിപ്പിച്ചിരുന്നു.ഒരു ദിവസം കൊട്ടാരത്തിൽ ജോലി ചെയ്യാൻ വന്നവർക്ക് മന്ത്രി പണം കൊടുത്തപ്പോൾ കണ്ണൻ രാജാവ് പറഞ്ഞു പകുതി പണം കൊടുത്താൽ മതിയെന്ന് അതിന് മനു രാജാവ് കണ്ണൻ രാജാവിനെ ശകാരിച്ചു . പക്ഷേ അതോന്നും കണ്ണൻ രാജാവ് വക വെച്ചിരുന്നില്ല.അതിനാൽ രാജാവും റാണിയും വിചാരിച്ചു കണ്ണൻ രാജാവിനെ കൊട്ടാര ജീവിതത്തിൽനിന്നുമാറ്റി സാധാരണജീവിതത്തിലേക്ക് മാറ്റാമെന്ന് അപ്പോഴെ കണ്ണന്റെ ജീവിതം മാറുകയുള്ളൂയെന്ന് പറഞ്ഞ് അവനെ ജനങ്ങളുടെ ഇടയിലേക്കയച്ചു. അവിടെ വച്ച് അവൻ പെട്ടന്ന് തലക്കറങ്ങിവീണു.അപ്പോൾ അവനെ രക്ഷിച്ചത് കോട്ടാരത്തിൽ നിന്ന് അഭമാനിച്ചു വിട്ട ആ പാവപ്പെട്ട വ്യക്തിയായിരുന്നു. അവന്റെ അഹങ്കാരമെല്ലാം മാറി. കൂടാതെ കുറ്റെ നല്ല ശീലങ്ങൾ പഠിക്കുകയും ചെയ്യ്തു. അവനെ വീണ്ടും രാജാവ് കൊട്ടാരത്തിലേക്ക് കൊണ്ടുവന്നു. പിന്നീട് യുദ്ധങ്ങൾ രാജാവിന്റെ പുത്രൻമാരും പങ്കാളികളായിരുന്നു.പിന്നീട് ആ കൊട്ടാരം വളരെ സ്നേഹത്തോടെ കടന്നുപോയി. അങ്ങനെയിരിക്കെ രാജാവിനോട് മന്ത്രി ഒരു കാര്യം പറഞ്ഞത്. അയൽ രാജ്യം നമ്മുടെ രാജ്യത്തോട് യുദ്ധത്തിനു തയ്യാറായിരുക്കുന്നു എന്ന്. രാജാവ് ആ യുദ്ധത്തിൽ വിജയിച്ചു. അതിന് നേതൃത്തം നൽകിയത് കണ്ണൻ രാജാവും മനു രാജാവുമായിരുന്നു അങ്ങനെ അവരുടെ ആ രാജ്യം വലിയ ആപത്തിൽ നിന്ന് രക്ഷപ്പെട്ടു ഇതിനെല്ലാം കാരണം കണ്ണൻ രാജാവിന്റെ അഹങ്കാരമാണ് ചില സമയങ്ങളിൽ ചീത്ത കാര്യങ്ങൾ നല്ല വഴിതെളിക്കും

ദൃശ്യ വി . എസ്
class7

# തുമ്പപ്പൂ



മുല്ലപ്പൂപോലെ തുമ്പപ്പൂപോലെ

വീട്ടുമുറ്റത്ത് തുമ്പവിരിഞ്ഞു

തൂവെള്ള നിറമുള്ള ചെറു-

ഷമാണവളുടെ തുമ്പപ്പൂവിനുമാത്രം

പോറ്റിവളർത്താതെ വെള്ളമൊഴിക്കാതെ

തുമ്പപ്പൂ പൂത്തു വിടർന്നു നിന്നു

മുറ്റത്തെ തുമ്പപ്പൂവിനെക്കാണുവാൻ

ചങ്ങാതിമാരെല്ലാം പാറിവന്നു

മറ്റുള്ള പൂക്കളിൽ ഏറെ ഭംഗിയും

വെൺമയുമാണ് തുമ്പപ്പൂവിന്

എന്തൊരു ഭംഗിയാ തുമ്പപ്പൂവിന്

എന്തൊരു വെൺമയാ തുമ്പപ്പൂവിന്

തിരുവോണനാളിൽ തുമ്പപ്പൂവില്ലാത്ത

അത്തപ്പൂക്കളം വേറെയില്ല

മുറ്റത്തുചുറ്റിനടന്നപ്പൂന്തെന്നലാ

കുഞ്ഞിളം പൂവിനൊരുമ്മ നൽകി

– അലോണ ജയേഷ്

# സ്നേഹത്തിന്റെ പ്രകാശം

ഉണ്ണി അഞ്ചാം ക്ലാസ്സിൽ പഠിക്കുന്ന സമയം, സ്കൂളിലേക്ക് പോകുന്ന വഴിക്ക് ഒരു കടയുണ്ട്. ആ കട നടത്തുന്നത് ഞങ്ങളുടെ നാട്ടിൽ തന്നെയുള്ള ഗോവിന്ദേട്ടനാണ്. സ്കൂളിലേക്ക് പോകുമ്പോഴും തിരിച്ച് വരുമ്പോഴും അവൻ അദ്ദേഹത്തിന് ഒരു പുഞ്ചിരി സമ്മാനിക്കുമായിരുന്നു അദ്ദേഹം തിരിച്ചും."അവർ തമ്മിൽ കാര്യമായ സംസാരമൊന്നും ഉണ്ടായിരുന്നില്ല." ഒരിക്കൽ അവൻ വീട്ടിൽ നിന്ന് പുറപ്പെട്ടപ്പോൾ കുറച്ച് വൈകി പോയി. അവൻ സൈക്കിൾ ആഞ്ഞു  ചവിട്ടി. സ്കൂളിൽ എത്തുന്നതിനു മുൻപുള്ള വളവിലെ റോഡ് പൊട്ടിപൊളിഞ്ഞതാണ്. ഇളകി കിടക്കുന്ന കല്ലിൽ കയറിയതോടെ റോഡിലെ കുഴിയിലേക്ക് അവനും സൈക്കിളും വീണു. എഴുന്നേൽക്കാനാകുന്നുണ്ടായിരുന്നില്ല. കാലിന് നല്ല വേദന. വേദന കൊണ്ട് തല കറങ്ങുന്നു. വഴിയിലെങ്ങും ആരുമില്ല. പേടിയും വേദനയും അവനെ വല്ലാതെ അലട്ടി. കുറച്ച് കഴിഞ്ഞപ്പോൾ  ആരോ വരുന്നതായി തോന്നി. പരമാവധി ശബ്ദമെടുത്ത് കരഞ്ഞു. ഓർമ്മവന്നപ്പോൾ ആശുപത്രിയിലാണ്. കൈയ്യിലും കാലിലും പ്ലാസ്റ്ററിട്ടു കഴിഞ്ഞിരുന്നു.  അച്ഛനും അമ്മയും ബാബുസാറും ഹെഡ്മാസ്റ്ററും കട്ടിലിനരികിലിരുന്ന് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. അച്ഛൻ പറഞ്ഞു. "  ഈ ഗോവിന്ദേട്ടനാണ് നിന്നെ രക്ഷിച്ചത്  " എന്ന് ഞാൻ അദ്ദേഹത്തെ നന്ദിയോടെ നോക്കി. രണ്ടു മാസം രണ്ടു മാസം കഴിഞ്ഞപ്പോഴാണ് അവന് വീണ്ടും സ്കൂളിൽ പോകാൻ കഴിഞ്ഞത്. അവൻ ആശുപത്രിയിൽ കഴിഞ്ഞ നാളുകളിലും വീട്ടിൽ വിശ്രമിച്ച സമയത്തും ഗോവിന്ദേട്ടനും ഭാര്യ ദേവകിയേട്ടത്തിയും മിക്കപ്പോഴും അവനെ സന്ദർശിക്കാൻ വന്നിരുന്നു.  അവരുടെ സ്നേഹത്തിന്റെ പ്രകാശം അവനെ ഏറെ സന്തോഷിപ്പിച്ചിരുന്നു.

–അനുനന്ദ കെ. വി

class 9

# പൂക്കൾ

പൂക്കൾ... പൂക്കൾ...
പുലർച്ചെവിരിയും പൂക്കൾ...
പകൽ വെട്ടത്തിൽ തിളങ്ങിനിൽക്കും പൂക്കൾ...
പുഞ്ചിരിച്ചു കൊണ്ട് നൃത്തം ചെയ്യും പൂക്കൾ ....
പുഞ്ചിരിച്ചു കൊണ്ട് നൃത്തം ചെയ്യും പൂക്കൾ ....
പൂക്കൾ ... പൂക്കൾ ...
വളവും ജലവും വലിച്ചെടുക്കും പൂക്കൾ ...
പ്രഭാതത്തിൽ പുഞ്ചിരിക്കും കുഞ്ഞുപൂക്കൾ ..
പ്രഭാതത്തിൽ പഞ്ചിരിക്കും കുഞ്ഞുപൂക്കൾ ..
മനസ്സുപോലെ മൃതുലമായ പൂക്കൾ ..
രാത്രിയിൽ തണിഞ്ഞുനിൽക്കും പൂക്കൾ ..
താരകമണിമാല പോലെയാകും പൂക്കൾ ..
മൃതുലമായ സുഗന്ധം പരത്തും പൂക്കൾ ..
പൂക്കൾ .. പൂക്കൾ ..
പുലർച്ചെവിരിയും പൂക്കൾ
പൂക്കൾ .. പൂക്കൾ ..
മനസ്സിൽ വിരിയും പൂക്കൾ ..
പൂക്കൾ .. പൂക്കൾ .. പൂക്കൾ ..

-സാഞ്ചന എ . ബി
class 8

# നന്മമരം

ഒരിക്കൽ ഒരിടത്ത് ഒരു മരമുണ്ടായിരുന്നു. മരത്തിന് ഒരു കൊച്ചു കുട്ടിയെ വലിയ ഇഷ്ടമായിരുന്നു. കുട്ടി എന്നും ആ മരത്തിനടുത്തെത്തും അവൻ മരത്തിന്റെ ഇലകൾ ശേഖരിച്ച് മരച്ചുവട്ടിലിരുന്ന് ഇലകൾ കൊണ്ട് മാലയും തൊപ്പിയും ഉണ്ടാക്കി അണിയും. അങ്ങനെ അവനൊരു കാട്ടുരാജാവാകും. അവൻ മരത്തിൻ പൊത്തിപ്പിടിച്ച് കയറും. അതിന്റെ കൊമ്പുകളിൽ തൂങ്ങിക്കിടക്കും. അതിന്റെ സ്വാദുള്ള പഴങ്ങൾ ഇഷ്ടം പോലെ പറിച്ചു തിന്നും പിന്നെ അവനും മരവും കൂടി കളിച്ച് കളിച്ച് ക്ഷീണിച്ചു തളരുമ്പോൾ അവൻ മരത്തണലിൽ ഉറങ്ങും. അവനാമരത്തെ എന്തിഷ്ടമാണെന്നോ കാലം കടന്നു പോയി കുട്ടി വളർന്നു വലുതായി അവന് തിരക്കായി മരം ഒറ്റയ്ക്കായി. അങ്ങനെയിരുക്കെ ഒരു ദിവസം അവൻ മരത്തിനടുത്തെത്തി. മരം സ്നേഹത്തോടെ പറഞ്ഞു മോനേ വരൂ എത്രനാളായി നിന്നെ കണ്ടിട്ട് നീ എന്റെ കൊമ്പുകളിലേക്ക് ഓടിക്കയറൂ. എന്റെ പഴമൊക്കെ പറിച്ച് തിന്നൂ എന്റെ തണലിൽ സന്തോഷമായി വിശ്രമിക്കു .. ഏയ്.. എനിക്കേയ് ആ പ്രായമൊക്കെ കഴിഞ്ഞു. അവൻ പറഞ്ഞു എനിക്ക് കളിച്ചു രസിക്കാൻ കുറേ സാധനങ്ങൾ വാങ്ങണം. കുറേ പണം വേണം അയ്യോ എന്റെ പക്കൽ പണമില്ലല്ലോ ഇലകളും പഴങ്ങളും മാത്രമേ ഉള്ളൂ.. മോൻ എന്റെ പഴങ്ങൾ പറിച്ചെടുത്ത് പട്ടണത്തിൽ കൊണ്ടുപോയി വിറ്റോളൂ അപ്പോൾ പണം കിട്ടുമല്ലോ. അതുകേട്ട താമസം അവൻ മരത്തിൽ കയറി പഴങ്ങളുമായി അവൻ പട്ടണത്തിലേക്ക് യാത്രയായി. മരത്തിന് ഏറെ ആഹ്ലാദം തോന്നി പിന്നീട് കുറേ കാലത്തേക്ക് അവൻ അതു വഴി വന്നതേയില്ല ... മരത്തിന് സങ്കടം തോന്നി. കുറേകാലം കഴിഞ്ഞ് ഒരു ദിവസം അവൻ വീണ്ടും വന്നു സന്തോഷത്തോടെ ചാഞ്ചാടികൊണ്ട് മരം പറഞ്ഞു.ആ മോൻ വന്നോ സന്തോഷായി നീ എന്റെ ചില്ലകളിൽ കയറി ഊഞ്ഞാലാടി രസിച്ചോളൂ... ഏയ് എനിക്കു ഭയങ്കര തിരക്കാ. മരത്തിൽ കയറാനൊന്നും നേരമില്ല ... എനിക്ക് ചൂടും തണുപ്പും ഏല്ക്കാതെ താമസിക്കാൻ ഒരു വീടു വേണം എന്നിട്ട് കല്യാണം കഴിച്ച് ഭാര്യയും കുട്ടികളുമൊത്ത് സുഖമായി കഴിയണം.....

– കൃഷ്ണനന്ദ പി. കെ

class 5

# കരയുന്ന തെങ്ങുകൾ



തെങ്ങുകൾ ഞങ്ങൾ മധുംകുംദങ്ങൾ

തലയിൽ താങ്ങി നിവർന്നു നിങ്ങടെ

പുരമുറ്റത്തും പുഴവക്കത്തും

വഴിയരികത്തും വയലോരത്തും

അറബിക്കടലിൽ താരാട്ടുന്ന

കരങ്ങളിലേറി പണ്ടൊരു നാളിൽ

വന്നവരല്ലോ ഞങ്ങൾ നിങ്ങൾ

തീരത്തേക്കതി ദൂരെ നിന്നും

അന്നുമുതൽക്കി മണ്ണിലെ മരമായ്

വേരുപടർത്തിയ ഞങ്ങൾക്കെന്നോ

തന്നു നിങ്ങൾ കല്പദ്രുമമെന്നാദരപൂർവ്വം

ബിരുദമൊരെണ്ണം ഞങ്ങടെ

കായ്കൾ, ചകിരി, ചിരട്ടകളോലകളീർക്കലി

മടലുകളെല്ലാം നിങ്ങൾക്കുതകി

–അഭിശ്രീ സുരേന്ദ്രൻ

class-9

# മാനും ആമയും



ഒരിടത്ത് ഒരിടത്ത് ഒരു കാട്ടിൽ മാൻ ജീവിച്ചിരുന്നു. ഒര
ഭക്ഷണം തേടുകയായിരുന്നു. പെട്ടെന്ന് ഒരു ചെടിയിൽ കൊമ്പു
എന്റെ കൊമ്പ് എങ്ങനെയെടുക്കും എന്റെ തന കുറച്ചുപോലും അ
അവൻ നിലവിളിച്ചു കൊമ്പ് എടുക്കാൻ പറ്റാതെ ദൈവമേ എന
വന്നിരുന്നെങ്കിൽ അപ്പോൾ ഒരു ആമ മെല്ലെ മെല്ലെ അതിന്റെ അടുത്തേക്കുവന്നു. മാൻകുട്ടി നീ ഇതിൽ അകപ്പെട്ടല്ലോ നോക്ക് എന്നെ സഹായിക്കാൻ ആമയാണല്ലോ വന്നത് ഈ ആമയെ കൊണ്ട് എന്നെ എങ്ങനെ രക്ഷിക്കാൻ കഴിയും . അത് കണ്ട് ആമ ആകാശത്തേക്കുനോക്കി അപ്പോൾ ബലമായി കാറ്റുവീശി ചെടികൾ ആടിയതും മാനിന്റെ കൊമ്പ് ശരിയായി ആമ ഇല്ലായിരുന്നെങ്കിൽ ഞാൻ ഇവിടെത്തന്നെ മരിച്ചു പോയേനെ നീ ദൈവത്തോട് നന്ദി പറഞ്ഞ് വീട്ടിലേക്ക് പോ ദൈവത്തോട് എന്തിനാ നന്ദി പറയുന്നേ എന്നെ ഇങ്ങനെ നന്ദി പറയുന്നേ ഞാൻ ഇങ്ങനെ അകപ്പെട്ടത് അദ്ദേഹം കാരണമാണ് ഞാൻ ഇടയ്ക്കിടെ പ്രശ്നങ്ങളിൽ അകപ്പെടുന്നത്. എനിക്ക് ഇനി ബാക്കി മാനുകളോട് പൊരിതി നിൽക്കണമെങ്കിൽ എനിക്കിപ്പോൾ കൊമ്പു പോലുമില്ല. ഇതെല്ലാം ദൈവം കാരണമാണ് .അയേ....... ദൈവത്തോട് എനിക്കിപ്പോൾ ദേഷ്യ വരുന്നുണ്ട് അദ്ദേഹമാ ഇങ്ങനെയൊക്കെ ചെയ്തത് അങ്ങനെടാണോ ശരി പറ നീ ചിന്തിക്കുന്നതുപോലെ നിനക്ക് ആരാകാനാണ് ആഗ്രഹം ഒരു പക്ഷിയാകാനാണ് എനിക്ക് ആഗ്രഹം ശരി നിന്റെ ആഗ്രഹം പോലെ നടക്കട്ടെ പെട്ടന്ന് തന്നെ നിന്റെ ആഗ്രഹം നടക്കും അങ്ങനെ പറഞ്ഞ് ആമ അവിടെ നിന്നു പോയി മാനിന് നല്ല തലവേദനയുണ്ടായിരുന്നു മാനും വീട്ടിൽ പോയി കിടന്ന് ഉറങ്ങാമെന്ന് വിചാരിച്ചു. അങ്ങനെ പറഞ്ഞ് മാൻ ഗുഹക്കുള്ളിലേക്ക് പോയി. നോക്കിയപ്പോൾ ചുറ്റെ ഇരുട്ടായിരുന്നു പെട്ടന്ന് മാനിന് ശ്വാസം മുട്ടാൻ തുടങ്ങി തലകറങ്ങി വീണു കുറച്ചു നേരം കഴിഞ്ഞ് ഉണർന്നപ്പോൾ മാൻ ഒരു പക്ഷിയായി മാറി . അവന്റെ തെറ്റ് മനസ്സിലാക്കി അവൻ മാനായി മാറാൻ ആഗ്രഹിച്ചു.

– സാഞ്ചന എ. ബി

class 8

# ചിറകൊടിഞ്ഞ പക്ഷി



ഒരു പാട്ടു പിന്നെയും
പാടവേ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നു പോകെ
ഇനിയും പറക്കില്ല
എന്നതോർക്കാതെയാ
വിരിമാനം ഉള്ളാൽ
പുണർന്നുകൊണ്ടേ
വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റ ചിറകിന്റെ താളമോടെ
ഒരു പാട്ടു വീണ്ടും
തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളോരീ
കാട്ടുപക്ഷി

# മീനൂട്ടിയുടെ ആഗ്രഹം

മീനൂട്ടി... മീനൂട്ടി എന്ന നീട്ടിയുള്ളകയറേണ്ടത്.അവൾ 8:30 ആയിട്ടും വീച്ചിൽ നിന്ന്
വിളികേട്ടാണ് മീനൂട്ടി എന്ന മീനാക്ഷി കണ്ണുകൾഇറങ്ങിയിട്ടില്ല അവൾ അങ്ങനെ കൃത്യം 9:00
തുറന്നത് അടുക്കളയിൽ നിന്നും അമ്മആയപ്പോൾ ഹോളിൽ കയറി അവൾ അങ്ങനെ
വിജയലക്ഷിമിയാണ് വിളിച്ചത്. മണി അഞ്ചായിട്ടുംപരീക്ഷ എഴുതാൻ തുടങ്ങി എല്ലാം കഴിഞ്ഞ് വീട്ടിൽ
അവൾക്ക് എഴുന്നേൽക്കാനായിട്ടില്ല എന്നുഎത്തി.അവൾക്ക് എകാസാം ജയിക്കുമെന്ന്
പറഞ്ഞ് ശകാരിച്ചു. മീനു വേഗം എഴുന്നേറ്റ് മുഖംതൊന്നുന്നില്ല എന്ന് അമ്മയോട് പറഞ്ഞു നീ
കഴുകി ഒന്നു ഫ്രഷായി താൻ എന്നും ചെയ്യാറുള്ളഭയപ്പെടേണ്ട മോളെ നീ ജയിക്കും . അങ്ങനെ
ദിനചര്യയിലേക്ക് അവൾ കടന്നു. രണ്ട്ഒരാഴ്ച കഴിയുമ്പോൾ അതാ ഒരു സന്യാസി മുത്തശ്ശി
കിടാങ്ങളടങ്ങുന്ന നാല് പശുക്കളാണ് അരുടെവെള്ളത്തിന് ദാഹിച്ച് വരുന്നു. അവളുടെ വീട്ടിൽ
ജീവിതം മുന്നോട്ടു നയിക്കുന്നത്.ഡിഗ്രി ഫസ്റ്റ് ഇയർകയറി ഇവിടെ ആരും ഇല്ലേ എന്ന്
വിദ്യാർത്ഥിനിയാണ് മീനാക്ഷി. പഠിക്കാൻ നല്ലപറഞ്ഞു.അപ്പോൾ മീനൂട്ടി ഉണ്ട് എന്ന്
മിടുക്കിയായതുകൊണ്ട് തങ്ങളുടെ കഷ്ടപ്പാടിനെപറഞ്ഞുകൊണ്ട് വീടിനകത്തുനിന്ന് പുറത്തേക്കു
അവഗണിച്ച് അവൾ വിദ്യാർത്ഥിനി ജീവിതംവന്നു. എന്താ മുത്തശ്ശി എന്തു വേണം. മുത്തശ്ശി
തുടരുന്നത് . ഇനിയും എത്ര കൊണ്ട് അത് തുടരാൻപറഞ്ഞു. കുറച്ച് വെള്ളം തരുമോ അപ്പോൾ അവൾ
പറ്റുമെന്ന് അവൾക്കറിയില്ലായിരുന്നുമുത്തശ്ശിക്ക് അവൾക്ക് എന്തോ വിഷമമുള്ളതായി
മധ്യപാനിയായിരുന്ന അച്ഛൻ കൂടാതെമുത്തശ്ശിക്കുതോന്നി. മുത്തശ്ശി ചോദിച്ചു നിനക്ക്
അവൾക്കുതാഴെ രണ്ടു അനുജത്തിമാരുംഎന്തെങ്കിലും വിഷമമുണ്ടോ ഉണ്ട് അതെങ്ങനെയാ
ഉണ്ടായിരുന്നു ഇതാണ് മീനുവിന്റെ കുടുംബം.മുത്തശ്ശിക്ക് മനസ്സിലായത്.അത് മനസ്സിലായി
സർപ്പക്കാവും അമ്പലക്കുളവും നിരത്തെറ്റിയഎന്താണ് മോളുടെ വിഷമം അപ്പോൾ മീനൂട്ടി
കല്പടവുകളും ഉള്ള ഒരു കൊച്ചു ഗ്രാമമായിരുന്നുനടന്ന കാര്യങ്ങൾ പറഞ്ഞു മോൾ പേടിക്കണ്ട
അവളുടെ ഗ്രാമം. അവൾ ഒരുഇതെല്ലാം നടക്കും എന്ന് പറഞ്ഞ് ആ മുത്തശ്ശി
ദൈവവിശ്വാസിയായിരുന്നു. എന്നും രാവിലെഅവിടെനിന്നു പോയി.അങ്ങനെ കുറച്ചു നേരം
അവൾ സർപ്പകാവിൽ ചെന്ന് തൊഴുംകഴിഞ്ഞപ്പോൾ മീനൂട്ടിയുടെ ഫോണിലേക്ക് ഒരു
ആയിരുന്നു. അവളുടെ ഒരു ആഗ്രഹമാണ്കോൾ വന്നു.ആ കോൾ എടുത്തപ്പോൾ
പഠിക്കണമെന്ന്. പക്ഷേ മധ്യപാനിയായിരുന്നമീനൂട്ടിയുടെ മുഖത്ത് പുഞ്ചിരു തുകി എന്താ
അച്ഛൻ രാത്രിയിളൽ മധ്യപിച്ച് കാരണം എന്നറിയാൻ അമ്മ മീനുവിനോട്
നിക്കാപുറത്തുനിൽക്കാതെ മീനുവിനേയുംചോദിച്ചുഅപ്പോൾ അവൾ അമ്മയോട് കാര്യം
മീനുവിന്റെ അമ്മയേയും രണ്ട് അനുജത്തിമാരെയുംപറഞ്ഞു അമ്മേ ഞാൻ എഴുതി പി.എസ് .ഇ
ഉപദ്രവിക്കുമായിരുന്നു അച്ഛൻ പക്ഷേ അവൾ എകാസാമിൽ ഒന്നാം സ്ഥാനം എനിക്കാണ്.
ഇതെല്ലാം സഹിച്ച് പഠിക്കുകയായിരുന്നുഅമ്മയുടെ കണ്ണുകൾ ഇതു കേട്ടപ്പോൾ
ചെയ്തിരുന്നത്. അങ്ങനെ ഒരിക്കൽ അവൾ ഒരുനിറഞ്ഞു.അപ്പോൾ മീനൂട്ടി ഓർത്തു ആ
പി.എസ്.ഇ പരീക്ഷ എഴുതാൻ പോകാൻമുത്തശ്ശിയുടെ അനുഗ്രഹമാണ് എനിക്കീ വിജയം
ഇറങ്ങുകയായിരുന്നു. അപ്പോൾ അവളുടെ അച്ഛൻലഭിച്ചത്.അവൾക്ക് സന്തോഷം കൊണ്ട്
മധ്യപിച്ച് വരുകയായിരുന്നു. അപ്പോൾ അച്ഛൻനിൽക്കാൻ കഴിഞ്ഞില്ല.അവളുടെ മിടുക്ക് ഈ ഗ്രമം
ദേഷ്യത്തോടെ ചോദിച്ചു നീ എങ്ങോട്ടാടീമൊത്തം അറിഞ്ഞു.
പോകുന്നേയെന്ന് അപ്പോൾ അവൾ പറഞ്ഞു പി.
എസ്.ഇ പരീക്ഷ എഴുതാൻ പോവുകയാണ്.നീ ഈ
പരീക്ഷ എഴുതാൻ പോകണ്ട എന്ന് അച്ഛൻ
ദേഷ്യത്തോടെ പറഞ്ഞു :അപ്പോൾ അവൾ കരഞ്ഞു
പിടിച്ചു പറഞ്ഞു.എനിക്ക് പോകണം അച്ഛാ
ഇതെന്റെ സ്വപ്നമാണ് എന്ന് പറഞ്ഞ് അവൾ
കുറേ കരഞ്ഞു 9:00 ആകുമ്പോഴാണ് ഹോളിൽ

–അനഘ ചന്ദ്രരാജ്
class 9

# അച്ഛൻ വരുന്നുണ്ട്

അച്ഛൻ വരുന്നുണ്ടിന്നു വരുന്നുണ്ട്
അച്ചയോടെത്തുമെന്നമ്മ ചൊല്ലി
എപ്പോഴുമേറെ ചിരുച്ചമ്മ ചൊല്ലുന്ന
കാര്യമിന്നെന്തേ കരഞ്ഞു ചൊല്ലി
വീട്ടു പറമ്പിലെ മാവിന്റെ കൊമ്പുകൾ
വെട്ടിമുറിക്കുന്നതെന്തിനമ്മേ
വേനലവധിക്ക് അച്ഛൻ വരനേരം
വേറെ വിടുഞ്ഞാൽ കെട്ടിയാടും
അച്ഛന്റെ ചിത്രം പത്രത്തിലെന്തിന്ന്
അച്ഛടി ഇങ്ങനെ വന്നതമ്മേ
കണ്ടിരുന്നോ  അമ്മേ തൊട്ടു മുകളിലെ
വണ്ടികൾ പൊട്ടിപ്പൊളിഞ്ഞ ചിത്രം
അച്ഛൻ വരുന്നെന്നറിഞ്ഞിട്ടുമിന്നമ്മ
ഉച്ചയുണ്ണെന്തേ ഒരുക്കാത്തത്
വേഗമൊന്നെന്നച്ഛൻ വന്നിരുന്നെങ്കിൽ
വാരിയെടുത്തെന്നെ ഊട്ടിയേനെ
കാശ്മീരിനെപ്പറ്റി അച്ഛൻ പറഞ്ഞു
കൗതുകം കൊണ്ടു ഞാൻ വാ പൊളിച്ചു
മഞ്ഞു മലകൾ നിറഞ്ഞൊരു സ്വർഗ്ഗം
മോഹിച്ചു പോയതു കേട്ട നേരം
എന്തിനാണച്ഛൻ നമ്മെത്തനിച്ചാക്കി
എന്നമാ സ്വർഗ്ഗത്തിൽ ചെന്നിരുപ്പൂ
ഇനി നമ്മെളില്ലാതെ പോകുവാനാണേൽ
ഇടി കൊടുക്കാതെ വിടുരുതമ്മേ
അച്ചനെപ്പോലെ വസ്ത്രം ധരിച്ച്
ആരൊക്കെയാണ് വരുന്നതിങ്ങ്
ഇന്ത്യൻ പതാക  കൊണ്ടു പുതപ്പിച്ച
ഇത്രയും പോന്നൊരു പെട്ടിയുമായ്
അമ്മേടെ കുമ്പിലെ കുഞ്ഞുവാവയ്ക്ക്
അച്ഛനയച്ച സമ്മാനമാവും
അച്ഛൻ വരുന്നെന്ന് ചൊല്ലിയിട്ടെന്തേ
അച്ഛനെ മാത്രം കാണാത്തത്
അച്ഛൻ വരുന്നുണ്ടിന്നു വരുന്നു
ണ്ടുച്ചയോടെത്തുമെന്നമ്മ ചൊല്ലി

# കുഞ്ഞുണ്ണിമാഷ് കവിത

രാരീ തത്തമ്മേ എന്നെ

കോഴി കൊത്തല്ലേ

കോഴികൊത്തിയാലോ

എന്റെ മാല പൊട്ടൂലേ

മാല പൊട്ടിയാലോ എന്റെ

അമ്മ തല്ലൂലേ

അമ്മ തല്ലിയാലോ എന്നെ

അച്ഛൻ കൊല്ലൂലെ

അച്ഛൻ കൊന്നാലോ

എന്നെ വലിച്ചെറിയൂലെ

# അമ്പിളിമാമാൻ

കുഞ്ഞൻ മുയലിന്
അമ്പിളിമാമനെ തൊടണം.
കുറുക്കൻ പറഞ്ഞു;
" മഞ്ചാടിക്കുന്നിൽ അമ്പിളിമാമനുണ്ട് ".
മഞ്ചാടിക്കുന്ന് പറഞ്ഞു
"പഞ്ഞിമേഘത്തിൽ അമ്പിളിമാമനുണ്ട് ".
പഞ്ഞിമേഘം പറഞ്ഞു
" ഇന്നലെയമ്പിളിപുഴയിൽ വീണു"
.കിന്നരിപ്പുഴയിൽ നോക്കി.
അതാ അമ്പിളി ചിരിക്കുന്നു.

# സമർത്ഥനായ കാക്ക

ഒരിക്കൽ ഒരു കാക്ക
ദാഹിച്ചു വലഞ്ഞ് വെള്ളം അന്വേഷിച്ചു പറക്കുകയായിരുന്നു. അത് കുറേ ദൂരം പറന്നു ശേഷം ഒരു വീടിന്റെ മുറ്റത്ത് ഒരു ഭരണി ഇരിക്കുന്നത് കണ്ടു കാക്ക പറന്ന് അതിന്റെ അടുത്തേക്ക് ചെന്നു അതിന്റെ വക്കിൽ കയറിയിരുന്ന് വെള്ളമുണ്ടോ എന്ന് അറിയുവാൻ ഉള്ളിലേക്ക് നോക്കി പക്ഷേ കുറച്ചു വെള്ളം മാത്രമേ അതിന്റെ അടിയിൽ ഉണ്ടായിരുന്നുള്ളൂ എന്ന് കാക്കയ്ക്ക് മനസ്സിലായി. കാക്ക വെള്ളം കിട്ടുന്നതിനായി തല താഴ്ത്തിനോക്കി പക്ഷേ സാധിച്ചില്ല. കാക്ക പലവഴികളും നോക്കി പക്ഷേ പക്ഷേ അവിടെ എവിടെയും വെള്ളം ഉണ്ടായിരുന്നില്ല. കാക്കയ്ക്ക് നല്ല ദാഹമുണ്ടായിരുന്നു. അവസാനം കാക്ക ഒരു ഉപായം കണ്ടുപിടിച്ചു. ഭരണിയുടെ അടുത്ത് കുറേ കല്ലുകൾ കിടന്നിരുന്നു. ബുദ്ധിമാനായ കാക്ക ആ കല്ലുകൾ എല്ലാം പതുക്കെ പതുക്കെ പെറുക്കി ഓരോന്നായി ഭരണിയിലെ വെള്ളത്തിൽ ഇട്ടു അപ്പോൾ വെള്ളം പതുക്കെ പതുക്കെ ഉയർന്നുതായി കാക്ക ശ്രദ്ധിച്ചു പാത്രത്തിന്റെ വക്കോളം വെള്ളം എത്തി കാക്ക മതിയാവോളം വെള്ളം കുടിച്ച് ദാഹമടക്കി കാക്ക സന്തോഷത്തോടെ പറന്നു പോയി

# പ്രാവും ഉറുമ്പും



ഒരു ദിവസം ഉറുമ്പ്  കാല് തെന്നി വെള്ളത്തിൽ വീണു പോയി അപ്പോൾ  അതുവഴി വന്ന  ഒരു പ്രാവ് ഉറുമ്പ് വെള്ളത്തിൽ വീണു കിടക്കുന്നത് കണ്ടു. ആ പ്രാവ് ഉറുമ്പിനെ രക്ഷിക്കാനായി മരത്തിൽ നിന്ന് ഇല ഇട്ടുകൊടുത്തു .അപ്പോൾ ഉറുമ്പ് അതിൽ കയറീ രക്ഷപ്പെടുകയും ചെയ്തു. പിന്നെ ഒരു ദിവസം പ്രാവ് ഉറങ്ങി കിടക്കുമ്പോൾ ഒരു വേട്ടക്കാരൻ തോക്ക് എടുത്ത് വെടിവെയ്ക്കാൻ നിന്നു അപ്പോൾ ആ   ഉറുമ്പ്  തന്നെ രക്ഷിച്ചതിന്റെ ഫലമായി  പ്രാവിനെ രക്ഷിക്കാനായി വേട്ടക്കാരന്റെ കാലിൽ കടിച്ചു.അപ്പോൾ വേട്ടക്കാരന്റെ ഉന്നം തെറ്റി ആ പ്രാവ് വേട്ടക്കാരന്റെ ഒച്ചകേട്ട് പാറിപോയി ഉറുമ്പും പ്രാവും സന്തോഷത്തോടെ കൂട്ടുകാരായി ജീവിച്ചു.

# പൂവ്

ചിതറിതെറിക്കുന്ന ചിന്തകളിലെപ്പോഴും

നിന്റെയീപുഞ്ചിരിയൊന്നുമാത്രം

മഴവില്ലുപോലെ നീ

മനസ്സിൽ തെളിയുമ്പോൾ ഉണരുന്നു

എന്നിലെ മോഹങ്ങളും

കൃഷ്ണതുളസി കതിർത്തുമ്പുമോഹിക്കും നിന്റെയീ

വാർമുടിച്ചുരുളിലെത്താൻ

പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും മോഹിച്ചിടുന്നു നിൻ

അരികിലെത്താൻ

# മഴ

മഴ മഴ മഴ മഴ മാനത്തുന്നൊരു മലർമഴ മധുരമഴ



തുള്ളി തുള്ളി തുള്ളി വരുന്നൊരു

തുമഴ തുകിൽ മഴ തുമ്പിമഴ

ചീറി ചീറി ചീറി വരുന്നൊരു

ചെമ്മഴ ചിരി മഴ ചില്ലുമഴ

തവളക്കുട്ടനു കുസൃതിമഴ

ഉണ്ണിക്കണ്ണനു കുസൃതി മഴ

-നയന ടി.വി

class- 6

THANK YOU